Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യൂ എ/HO/RMC/R2/11107/2021

തീയതി: 20.01.2022

## <u>സർക്കുലർ</u>

വിഷയം:- കേരള വാട്ടർ അതോറിറ്റി ഉപഭോക്താക്കളുടെ വാട്ടർ ചാർജ് ബിൽ SMS സംവിധാനത്തിലൂടെ അറിയിക്കുന്നത് സംബന്ധിച്ച്

സൂചന :- 1. 13-08-2021 ലെ അക്കൗണ്ട്സ് മെമ്പറുടെ സർക്കുലർ നമ്പർ.KWA/HO/RMC/R1786/ 2020
2. 10/01/22 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിലെ തീരുമാനം
3. 10/01/2022 ലെ മാനേജിങ് ഡയറക്ടറുടെ സർക്കുലർ നമ്പർ 12662/PA TO MD/2021/KWA

നമ്മുടെ സംസ്ഥാനം 2022 ആഗസ്റ്റ് 15-)o തീയതിയോടെ "**സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം**" എന്ന പദവിയിലേക്ക മാറുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. ഇക്കാര്യം വിലയിരുത്തുവാൻ <u>10/01/2022നു</u> ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിങ്ങിൽ അദ്ദേഹം ഇക്കാര്യം ആവർത്തിക്കുകയും ആയതിനു. വേണ്ട നടപടികൾ ഉടൻ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ആയതിനാൽ കോവിഡ് പ്രോട്ടോക്കോളും ഗ്രീൻ പ്രോട്ടോക്കോളും പാലിക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ എല്ലാ ഇടപാടുകളും ഓൺലൈൻ ആയി നടത്തേണ്ടതാണ് (സൂചന 3 ലെ സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

ഇ-അബാക്കസിൽ എല്ലാ ഉപഭോക്താക്കളുടെയും മൊബൈൽ ഫോൺ നമ്പറുകൾ ഉൾപ്പെടുത്തണമെന്ന് നിരവധിതവണ ഈ കാര്യാലയത്തിൽ നിന്ന് നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും 80% ത്തോളം ഫോൺ നമ്പറുകൾ മാത്രമേ ഉൾകൊള്ളിച്ചിട്ടുള്ളു. അടിയന്തിരമായി 100% മൊബൈൽ ഫോൺ നമ്പറുകൾ (യഥാർത്ഥ ഉടമസ്ഥരുടെ) ഇ-അബാക്കസിൽ ചേർക്കേണ്ടതായിട്ടുണ്ട്. ഉടമസ്ഥർ വിദേശത്താണെങ്കിൽ വാടകക്കാരന്റെ മൊബൈൽ നമ്പർ ചേർക്കാവുന്നതാണ്.

കേരള വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ഈ കാലയളവിൽ കടന്നു പോകുന്നത്. ഇത് മറികടക്കുന്നതിന് കൃത്യമായ ബില്ലിംഗ് സംവിധാനം അത്യന്താപേക്ഷിതമാണ്. കോവിഡ് 19 ൻറെ ഈ കാലഘട്ടത്തിൽ പേപ്പർ ബിൽ നൽകുന്നത് ഒരാളിൽ നിന്ന് മറ്റൊരാളിലേക്ക് കോവിഡ് പകരാൻ സാധ്യത ഉള്ളതിനാലും ഗവ. ഗ്രീൻ പ്രോട്ടോകോൾ നയം പാലിക്കേണ്ടി വരുന്നതിനാലും വാട്ടർ അതോറിറ്റി നവീന ആശയങ്ങൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണ്.

Draft #2 of File KWA/HO/RMC/R2/11107/2021 Approved by Managing Director on 20-Jan-2022 10:33 AM - Page 1

ഇതിനു വേണ്ടിയാണ് റീഡിഗ് എടുത്ത് ബിൽ ഉപഭോക്താക്കളുടെ കൈകളിലേക്ക് കൈമാറുന്നതിന് പകരം ബിൽ SMS ആയി അവരുടെ മൊബൈൽ വഴി അയക്കുന്ന സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ആദ്യ ഘട്ടമെന്നനിലയിൽ തിരുവനന്തപുരം ജില്ലയിലെ സൗത്ത്, നോർത്ത് ഡിവിഷനുകളിൽ പേപ്പർ ബിൽ ഒഴിവാക്കി SMS മുഖേന ബില്ലുകൾ നൽകി വരുന്നത്.

ഇപ്പോൾ ഓമിക്രോൺ പോലുള്ള സാഹചര്യത്തിൽ തരണം ചെയ്യാൻ വാട്ടർ അതോറിറ്റി സജ്ജമാകേണ്ടിയിരിക്കുന്നു.

ആയതിനാൽ ഇമെയിൽ അഡ്രസ്സും മൊബൈൽ നമ്പരും ശേഖരിക്കുകയും ഇ-അബാക്കസിൽ ചേർക്കാത്ത ഉപഭോക്താക്കളുടെ വിവരങ്ങൾ സമയബന്ധിതമായി ശേഖരിച്ച് സിസ്റ്റത്തിൽ ഉൾപ്പെടുത്തി എല്ലാ ഉപഭോക്താക്കൾക്കും SMS/ഇ-മെയിൽ ബില്ലുകൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി പ്രവർത്തി പൂർത്തിയാക്കിയതായുള്ള റിപ്പോർട്ട് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാർ ഈ കാര്യാലയത്തിൽ 31/03/2022 ന് മുമ്പ് ലഭ്യമാക്കേണ്ടതുമാണ്.

കൂടാതെ താഴെ കാണിച്ചിച്ചിരിക്കുന്ന നിദ്ദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1. മീറ്റർ റീഡർമാർ തങ്ങളിൽ നിക്ഷിപ്തമായ റൂട്ടുകളിലെ ഉപഭോക്താക്കളുടെ മൊബൈൽ നമ്പർ പൂർണമായി ശേഖരിച്ചു ഇ-അബാക്കസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതും, റീഡിങ് എടുക്കാൻ പോകുമ്പോൾ ഈ ഫോൺ നമ്പറുകൾ മാറിയിട്ടില്ലായെന്നു ഉറപ്പു വരുത്തേണ്ടതുമാണ്. ബന്ധപ്പെട്ട AE/HC മാർ നിർബന്ധമായും ഇക്കാര്യം പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.
2. വാട്ടർ ചാർജ് കുടിശ്ശിക വരുത്തുന്നവരെ ഫോൺ മുഖേന ബന്ധപ്പെട്ട് കുടിശ്ശിക അടക്കാൻ ഓർമിപ്പിക്കേണ്ടതും, ഇത് ഓരോ ജീവനക്കാരുടെയും ഉത്തരവാദിത്വമായി കരുതി കുടിശ്ശിക പിരിക്കൽ മെച്ചപ്പെടുത്തേണ്ടതുമാകുന്നു.
3. ഗവൺമെൻറ് ഓഫീസുകളിലെ ഇമെയിൽ, ഓഫീസ് മേധാവിയുടെ/ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ CUG മൊബൈൽ നമ്പർ ഇവ ശേഖരിച്ചു MAIL/SMS അയക്കുവാൻ നടപടികൾ സ്വീകരിക്കുക. ഗവൺമെൻറ് ഓഫീസുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോൺ നമ്പറും ഇ-മെയിൽ ഐഡിയും ഡിപ്പാർട്മെന്റിന്റെ സൈറ്റിൽ ലഭ്യമാണ്.
4. ശേഖരിച്ച e-mail ID കൾ അബാക്കസിൽ ഉൾപെടുത്താൻ DBA യൂണിറ്റ് അടിയന്തിരമായി ഫീൽഡ് ഉൾപെടുത്തേണ്ടതാണ്.
5. മൊബൈൽ ഫോൺ ഇല്ലാത്ത ഉപഭോക്താക്കൾക്ക് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിന്റെയോ അടുത്തുള്ള അക്ഷയ സെന്റർ/ജനസേവന കേന്ദ്രങ്ങളുടെയോ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.
6. 31/03/2022നു മുൻപ് എല്ലാ ഉപഭോക്താക്കളുടെയും മൊബൈൽ നമ്പറുകൾ ഇ-അബാക്കസിൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
7. മൊബൈൽ ഫോൺ നമ്പറുകൾ ഇ-അബാക്കസിൽ ഉൾപ്പെടുത്തുന്ന പ്രവർത്തി പൂർത്തിയാക്കി എന്ന് കാണിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിർമാർ ആർ.എം.സി ക്ക് 01/04/2022 നു മുൻപ് നൽകേണ്ടതും ആയവ എല്ലാ EE/RO മാരും മോണിറ്റർ ചെയ്യേണ്ടതുമാണ്.

Draft #2 of File KWA/HO/RMC/R2/11107/2021 Approved by Managing Director on 20-Jan-2022 10:33 AM - Page 2

8. എല്ലാ ബില്ലുകളും SMS / e-mail മുഖേന നൽകേണ്ടതാണ്.

9. എല്ലാ പേയ്മെന്റുകളും online മുഖേന നടത്താൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്

10. ഏതെങ്കിലും ഗവൺമെൻറ് ഓഫീസുകൾ/ ഉപഭോക്താക്കൾ ബില്ല് വേണമെന്ന് ആവശ്യപ്പെടുകയാണെങ്കിൽ നൽകേണ്ടതാണ്.

**വെങ്കടേസപതി എസ്., ഐ .എ .എസ്.**
മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
ദക്ഷിണ/മധ്യ/ഉത്തര മേഖല
തിരുവനന്തപുരം / കൊച്ചി/കോഴിക്കോട്

പകർപ്പ്:-

All SEs/All EEs/All AEEs
PA TO MD/PA TO AM/PA TO/ DBA / PIO SF TM/FM&CAO
All Regional Dy.AMs/DBA/PIO/SF

Draft #2 of File KWA/HO/RMC/R2/11107/2021 Approved by Managing Director on 20-Jan-2022 10:33 AM - Page 3

The document is digitally approved. Hence signature is not needed.

Website:http://www.kwa.kerala.gov.in

Fax: 91-0471-2324903

Tel: 0471-2328654

**KERALA WATER AUTHORITY**

Jalabhavan
Thiruvananthapuram-695033
Kerala

No. 12662/PA TO MD/2021/KWA

Dated: 10.01.2022

**CIRCULAR**

Sub:- Total e-Governance - Implementation - Reg

Ref :- Directions in the review meeting on Online Services by Chief secretary on 10/01/2022, 10:00 AM.

Honourable Chief Minister of Kerala has decided to declared Kerala as Total Digitally Governed State by 15th August, 2022. Accordingly, Chief secretary of Kerala in his review meeting held on 10/01/2022 has conveyed that all consumer services should be made Online. He also informed that, for improving the ease of delivery of services, online service delivery should become universal. Physical touch points to be totally eliminated in all the activities offered by government.

Chief Secretary has given the following directions considering the Covid protocol and green protocol.

1. All payments should be only through online mode and there should be multiple channels for payments.
2. All bills are to be issued electronically.
3. All receipts are to be issued electronically & all certificates to be issued online and
4. All Files should be only in digital mode.

A Dashboard is to be there for all online services. The feedback of services to be received electronically. All unnecessary certificates / documents for services are to be eliminated and essential services are to be made fast and online

Draft #2 of File KWA/12662/PA TO MD/2021/KWA Approved by Managing Director on 20-Jan-2022 05:33 AM - Page 1

The review and disposal of services are to made faster and in a time bound manner. Services should reach the people online and we must eliminate consumers physical presence for services..

In the above circumstances, it is hereby directed that all the officers of Kerala Water Authority should follow the above instructions in letter and spirit to accomplish the goal of Total Digitally Governed State.

The Data Base Administrator shall co-ordinate for the speedy implementation of online services in tune with above directions.

**Venkatesapathy S. IAS**
Managing Director

To

The Secretary, KWA

Copy to:-

Chief Engineer (HRD&GL / P&O / SR / CR / NR / Sewerage, PPD & WASCON) / FM &CAO.
DBA for information and necessary action.
PIO to arrange public awareness in this regard following due procedures.
PA to MD / TM / AM.

Draft #2 of File [illegible] Approved by Managing Director on 20-Jan-2022 05:33 AM - Page 5

The document is digitally approved. Hence signature is not needed.